പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 120 — 14.6.2012 ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പിലെ ആധുനിക സംവിധാനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ :<br>ശ്രീ.പി.എ.മാധവൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.സണ്ണി ജോസഫ് : | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) രജിസ്ട്രേഷൻ വകുപ്പിൽ പൊതുജനങ്ങൾക്കായി എന്തെല്ലാം ആധുനിക സംവിധാനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ ; | (എ) സംസ്ഥാനത്തെ 310 സബ് രജിസ്ട്രാർ ഓഫീസുകളും പൂർണ്ണമായി കമ്പ്യൂട്ടർവത്കരിച്ചു. ഓൺലൈനായി ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളും ആധാര പകർപ്പുകളും നൽകുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി, രജിസ്ട്രേഷൻ വകുപ്പിൽ ഏകജാലക സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷന് ഹാജരാക്കുന്ന ആധാരങ്ങളിലെ വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിനായി, വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ വകുപ്പിൽ ആരംഭിച്ചു കഴിഞ്ഞു. |
| (ബി) ഏകജാലക സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുവഴി ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ ; | (ബി) ഉണ്ട്. ഇതു വഴി ആദ്യഘട്ടത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്ന സേവനങ്ങൾ ചുവടെ വിവരിക്കുന്നു.<br>1. വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കൽ.<br>2. ആധാര രജിസ്ട്രേഷനുകൾക്കായുള്ള ടോക്കൺ നൽകൽ.<br>3. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ആധാരങ്ങൾ തിരികെ നൽകൽ.<br>4. തയ്യാറാക്കിയ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകളുടേയും ആധാര പകർപ്പുകളുടേയും വിതരണം.<br>5. വിവിധ സേവനങ്ങൾ സംബന്ധിച്ച അന്വേഷണങ്ങൾക്കുള്ള മറുപടി. |
| (സി) അഴിമതി തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ ; | (സി) രജിസ്ട്രേഷൻ വകുപ്പിൽ അഴിമതി തടയുവാൻ, ചുവടെ വിവരിക്കുന്ന നടപടികൾ ആലോചിക്കുന്നുണ്ട്.<br>1. സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും നൽകുന്ന സേവന പ്രദാനങ്ങൾക്ക് വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് പരമാവധി സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റുക.<br>2. സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനം |

അഴിമതി മുക്തമാക്കുന്നതിന് രജിസ്ട്രേഷൻ വകുപ്പിൽ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുക.

3. ഏകജാലക സംവിധാനം നടപ്പിലാക്കുന്നതുവഴി, സബ് രജിസ്ട്രാർ ഓഫീസുകളിൽ മദ്ധ്യവർത്തികളെ ഒഴിവാക്കി അവ അഴിമതി വിമുക്തമാക്കുക.

| | |
|---|---|
| (ഡി) രേഖകളുടെ ഡിജിറ്റൈസേഷൻ നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇത് എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) സബ് രജിസ്ട്രാർ ഓഫീസുകളിൽ വാല്യങ്ങളായി സൂക്ഷിച്ചിരിക്കുന്ന ആധാരപ്പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സംരക്ഷിക്കുന്നതിനുള്ള പദ്ധതി, പരീക്ഷണാടിസ്ഥാനത്തിൽ, കൊട്ടാരക്കര അഡീഷണൽ സബ് രജിസ്ട്രാർ ഓഫീസിൽ 19-01-2012- ൽ ആരംഭിച്ചിട്ടുണ്ട്. ആയത് 31-08-2012- ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ